# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പല്ലശ്ശന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.18/269/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലശ്ശന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി.18/269/2023 തീയ്യതി: 13/04/2023

## പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 08-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.എസ്.സാബു | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 16-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 16-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റോബർട്ട്.കെ.ജി,ഓഡിറ്റ് ഓഫീസർ
അനില പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ആതിര.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
കന്തസ്വാമി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എൽ. സായ് രാധ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എസ്.മഹേഷ് കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.മഹേഷ് കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. പി.ഹരിദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. റീജ. എം. എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സതി.കെ.ബി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ.എ.ഹാറൂൺ | എച്ച് എം | 01-04-2021 | 31-05-2021 |
| ശ്രീമതി.ഷൈമ.ടി.ഇ | എച്ച് എം | 01-06-2021 | 31-03-2022 |
| ശ്രീമതി. ശശികല.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 17-07-2021 |
| ശ്രീമതി.ജിസ്ന എ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2021 | 30-11-2021 |
| ശ്രീമതി.രേഷ്മ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2021 | 31-03-2022 |
| ശ്രീമതി. ഗൗരി.ടി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.സോജ.ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു. കെ.കെ | ഐ.സി.ഡി എസ്.സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി.താജുമ്മ | ഐ.സി.ഡി എസ്.സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ.നോബിൾ ജെ.തൈക്കാട്ടിൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.സുമേഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് കുമാർ.എ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 20-10-2021 |
| ശ്രീ.ജയപ്രകാശ്.സി.സി | ക്ഷീര വികസന ഓഫീസർ | 21-10-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക അവലോകനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-11 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 1-11-1 |
| 14 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല | 1-11-2 |
| 15 | ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധിക്കനുസരിച്ച് ലൈസൻസ് അനുവദിക്കേണ്ടതാണ് | 1-11-3 |
| 16 | ഭക്ഷ്യോല്പന്നങ്ങ**ൾ** നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-11-4 |
| 17 | ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം | 1-11-5 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കേണ്ടതാണ് | 1-11-6 |
| 19 | ലൈവ്സ്റ്റോക്ക് ഫാമുക**ൾ**- അപാകതകൾ | 1-11-7 |
| 20 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-12 |
| 21 | വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പഞ്ചായത്തിന് നികുതിനഷ്ടം | 1-13 |
| 22 | അനധികൃത കെട്ടിട നിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-14 |
| 23 | ജൈവപച്ചക്കറിക്ക് പ്രോത്സാഹനം- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ് | 1-15 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - നേരിട്ടുള്ള വാങ്ങലിൽ അപാകതകൾ | 1-16 |

| | | |
|---|---|---|
| 25 | അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല | 1-17 |
| 26 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല | 1-18 |
| 27 | കൈത്തിരി സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-19 |
| 28 | ആർദ്രം പദ്ധതി- ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് നിയമനം- സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു | 1-20 |
| 29 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 30 | പാലിയേറ്റീവ് പരിചരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 31 | മാനസിക ആരോഗ്യ പരിരക്ഷ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 32 | തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-24 |
| 33 | ഡെപ്പോസിറ്റ് പ്രവർത്തി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 34 | തനതുഫണ്ടിലേക്ക് മാറ്റിയ കേന്ദ്രാവിഷ്കൃത ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 1-26 |
| 35 | സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നതിൽ അപാകതകൾ നിലനിൽക്കുന്നു | 1-27 |
| 36 | പ്രവൃത്തി പൂർത്തികരിക്കാതെ ഫൈനൽ ബിൽ അനുവദിച്ചു | 1-28 |
| 37 | എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി ലഭ്യമാകുന്നില്ല | 1-29 |
| 38 | ക്രിമറ്റോറിയം നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല | 1-30 |
| 39 | തെരുവുവിളക്ക് പരിപാലനം | 1-31 |
| 40 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-പ്രവർത്തനം | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പാലിയേറ്റീവ് കെയർ- വാഹന വാടക അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യപത്രിക സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 20.03.2021 തീയതിയിലെ ഭരണസമിതിയുടെ 1(1) തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. ബജറ്റ് വരവ് ചിലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,73,06,285 |
| വരവ് | 14,79,77,700 |
| ആകെ | 16,52,83,985 |
| ചെലവ് | 15,37,90,604 |
| നീക്കിയിരിപ്പ് | 1,14,93,381 |

പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.2022 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-07-2022 | 26.07.2022 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

1. താഴെചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

| ബാങ്ക് | അക്കൗണ്ട് നം. | AFS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| കോപ്പറേറ്റീവ് ബാങ്ക് | 1532 | 1250 |
| ട്രഷറി തനത് ഫണ്ട് | 64 | 5977 |

2. പഞ്ചാബ് നാഷണൽ ബാങ്ക്, കൊല്ലങ്കോട് ശാഖയിലെ 4296000100063904 -നമ്പറിലുള്ള അക്കൗണ്ടിൽ 30.01.19-ന ശേഷം പലിശ, ബാങ്ക് ചാർജിനത്തിലെ വരവുചെലവുകൾ ഒഴികെ മറ്റിടപാടുകൾ ഒന്നും തന്നെ നടന്നിട്ടില്ല. അക്കൗണ്ടിൽ 31.03.22- ന് 1285943രൂപയുടെ നീക്കിയിരിപ്പുണ്ട്. ബാങ്ക് അക്കൗണ്ടിലെ തുക ഏതൊക്കെ ഇനത്തിനായി ലഭ്യമായതാണെന്ന് ഉറപ്പുവരുത്തേണ്ടതും നിഷ്ക്രിയമായി ശേഷിക്കുന്ന തുകകൾ തിരികെ അതാത്ഫണ്ടിലേക്ക് അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

4. Joint Venture Project - ബാലൻസ് ഷീറ്റ് B4 പ്രകാരം താഴെചേർക്കും പ്രകാരം തുകകൾ ചെലവഴിക്കാതെ ശേഷിക്കുന്നു

| ഹെഡ് | ബാലൻസ് തുക B-4 | തുക നൽകിയ സ്ഥാപനം |
|---|---|---|
| 320700204 | 897395 | ബ്ലോക്ക് പഞ്ചായത്ത് |
| 320700205 | 111290 | ജില്ലാപഞ്ചായത്ത് |

ചെലവഴിക്കാത്ത തുകകൾ തിരികെ അടവാക്കേണ്ടതാണ്.

5. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, 62 എഫ് പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ സമർപ്പിച്ചിട്ടില്ല. 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി-10/13.01.23-ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 സാമ്പത്തിക അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 25691083 |
| വരവ് | 77925466 |
| ആകെ | 103616549 |
| ചെലവ് | 76849586 |
| നീക്കിയിരിപ്പ് | 26766963 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 10948549 | 10948549 | 10947403 | 1146 |
| വികസനഫണ്ട് -എസ്.സി.പി | 0 | 12859780 | 12859780 | 10756975 | 2102805 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10226000 | 10226000 | 5095672 | 5130328 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6301853 | 6301853 | 4195758 | 2106095 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ -അൺടൈഡ് ഗ്രാന്റ്-New | 0 | 2683943 (Including Int - 55943) | 2683943 | 2627988 | 55955 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ടൈഡ് ഗ്രാന്റ്-New | 0 | 3942000 | 3942000 | 244456 | 3697544 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 1321997 | 1321997 | 1316074 | 5923 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ -ടൈഡ് ഗ്രാന്റ്-Spillover | 0 | 4926345 | 4926345 | 2250878 | 2675467 |

### കേന്ദ്രാവിഷ്കൃതം

എ)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 3122108 | 861450 | 3983558 | 764893 | 3218665 |
| സമ്പൂർണ്ണ ശുചിത്വം -ശുചിത്വ മിഷൻ ഗ്രാന്റ് | 2153003 | 160000 | 2313003 | 1332118 | 980885 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 180862 | 506151 | 687013 | 685008 | 2005 |
| തൊഴിലാളികളുടെ വേതനം | 0 | 47150524 | 47150524 | 47150524 | 0 |
| ആകെ | 180862 | 47656675 | 47837537 | 47835532 | 2005 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2640000 | 2540000 | 5180000 | 1880000 | 3300000 |
| സാക്ഷരത | 1072 | 0 | 1072 | 0 | 1072 |
| ജലനിധി | 290242 | 8574 | 298816 | 0 | 298816 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 188449895 | 110 | 57770432 | 0 | 47 | 70 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 3 | 9582498 | 5275000 | 55 |
| വെറ്ററിനറി സർജൻ | 4 | 3 | 1825200 | 676000 | 37 |
| മെഡിക്കൽ ഓഫീ സർ-പി എച്ച് സി | 12 | 11 | 3960119 | 2772102 | 70 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 600000 | 600000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 2392800 | 260786 | 11 |
| വി.ഇ.ഒ -1 | 12 | 11 | 50994000 | 5943400 | 12 |
| വി.ഇ.ഒ -2 | 10 | 10 | 70250000 | 10964500 | 16 |
| എച്ച്.എം | 3 | 3 | 615000 | 615000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 7052468 | 4515992 | 64 |
| സെക്രട്ടറി | 28 | 22 | 15660237 | 12981772 | 83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 64 | 31 | 20670253 | 9140824 | 44 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 822016 | 730948 | 89 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 4025304 | 3294108 | 82 |
| ആകെ | 157 | 110 | 188449895 | 57770432 | 31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 180862 | 506151 | 687013 | 685008 | 2005 |
| തൊഴിലാളികളുടെ വേതനം | 0 | 47150524 | 47150524 | 47150524 | 0 |
| ആകെ | 180862 | 47656675 | 47837537 | 47835532 | 2005 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 15684800 | 931 |
| 2 | വാർദ്ധക്യകാല പെൻഷൻ | 25386800 | 1715 |
| 3 | വികലാംഗ പെൻഷൻ | 4094600 | 270 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1665800 | 108 |
| 5 | വിധവാ പെൻഷൻ | 15693000 | 1008 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.01.2023-ാം തീയതി 3.00 Pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1261/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ കാര്യമായ അപാകതകൾ കണ്ടെത്തിയില്ല. രേഖകളുടെയും രജിസ്റ്ററുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്. പൂർണ്ണമായും ഐ.എൽ.ജി.എം.എസ്സിലൂടെ മെച്ചപ്പെട്ട സേവനങ്ങൾ നല്കിവരുന്നു. എന്നിരുന്നാലും കുടിശ്ശിക ഇനത്തിൽ ലഭ്യമാകേണ്ട തുകകൾ പിരിച്ചെടുക്കുന്നതോടൊപ്പം പദ്ധതിവിഹിതം, ഇതര ഗ്രാന്റുകൾ എന്നിവകളുടെ ചെലവുകൾ ഊർജ്ജിതമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സംയോജിത പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ പ്രത്യേക ശ്രദ്ധ നല്കേണ്ടതും മോണിറ്ററിംഗ് കാര്യക്ഷമ മാക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2022 | 01.09.22-30.09.22 | 21.10.22 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2007 മുതൽ 21.7.2007വരെ | 1997-1998 - 2006-07 | 30.08.2007 |

1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സാമ്പത്തിക വർഷം 169സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും ഫീസ് ഇനത്തിൽ 1,35,700/- രൂപയുടെ വരവുണ്ടാകുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

ഇതു സംബന്ധിച്ച് 16.01.2023ന് 13-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-11-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല

പഞ്ചായത്തിലെ 16 വാർഡുകളിലായി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 145 സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ തൻ വർഷം 169സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് 16.01.2023ന് 14-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-11-2 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 1994 ലെ കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികമാകാതെ ഫീസ് ചുമത്താവുന്നതാണ്. തൻവർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഈടാക്കുന്നുണ്ടെങ്കിലും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കിയിട്ടില്ല. തുക ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകന്റെ പേര് | സ്ഥാപനം/അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| 1 | 14 | പാർവതി.കെ | റൈസ് മിൽ |
| 2 | 15 | അപ്പുകുട്ടൻ | റൈസ് മിൽ |
| 3 | 17 | ബാലകൃഷ്ണൻ | റൈസ് മിൽ |
| 4 | 19 | അബ്ദുൾ ഹമീദ് | റൈസ് മിൽ |
| 5 | 20 | മുരളീദാസ്.കെ | റൈസ് മിൽ |
| 6 | 21 | ദീദീ പോളിമേഴ്സ് | മാനുഫാക്ചറിംഗ് യൂണിറ്റ് |
| 7 | 24 | സുരേഷ്.പി.വി | റൈസ് മിൽ |
| 8 | 25 | ജയനാരായണൻ.ആർ | റൈസ് മിൽ |
| 9 | 26 | ചന്ദ്രിക.ടി.കെ | റൈസ് മിൽ |
| 10 | 27 | സതീഷ് ബാബു | റൈസ് മിൽ |

| | | | |
|---|---|---|---|
| 11 | 28 | പ്രീത | റൈസ് മിൽ |
| 12 | 29 | ഇന്ദിര | റൈസ് മിൽ |
| 13 | 30 | ആർ.മുരളീകൃഷ്ണൻ | റൈസ് മിൽ |
| 14 | 31 | മാധവി | റൈസ് മിൽ |
| 15 | 32 | സി.ബാലകൃഷ്ണൻ | റൈസ് മിൽ |
| 16 | 39 | രമ.സി | ചകിരി വള യൂണിറ്റ്, 39 HP |
| 17 | 94 | സെന്റെ ആന്റണീസ് | റൈസ് മിൽ, 250 KV |
| 18 | 96 | പല്ലാവൂർ ഹൈടെക് അപ്രോസ് | ഹൈടെക് അപ്രോസ്, 200 HP |
| 19 | 97 | റാബിറ്റ് മാർക്ക് മോഡേൺ റൈസ് മിൽ | റൈസ് മിൽ, 150 HP |

ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്. ഇത സംബന്ധിച്ച് 16.01.2023ന് 13-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-11-3 ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധിക്കനുസരിച്ച് ലൈസൻസ് അനുവദിക്കേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടങ്ങൾ 8 പ്രകാരം ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ലൈസൻസിന്റെ കാലാവധി അഞ്ചുവർഷമായി നിജപ്പെടുത്തേണ്ടതും, അങ്ങനെയുള്ള സംഗതികളിൽ III-ഉം IV-ഉം പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ അഞ്ച് ഇരട്ടി മുൻകൂറായി ഈടാക്കേണ്ടതുമാണ്. സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി അഞ്ച് വർഷത്തേക്കാണെങ്കിൽ ലൈസൻസിന്റെ കാലാവധി 5 വർഷമായി നിജപ്പെടുത്തേണ്ടതും ക്ലിയറൻസിന്റെ കാലാവധി 5 വർഷത്തിന് താഴെയാണെങ്കിൽ ലൈസൻസിന്റെ കാലാവധി എന്നത് ക്ലിയറൻസിന്റെ കാലാവധി ഏതുകാലയളവ് വരെയാണൊ അത് വരെയായി നിജപ്പെടുത്തേണ്ടതാണ്. എന്നാൽ ഇതിന് വിരുദ്ധമായി ലൈസൻസ് അനുവദിച്ചതിന് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം, സ്ഥാപനം | ക്‌ളിയറൻസ് സർട്ടിഫിക്കറ്റ്, കാലാവധി | ലൈസൻസിന്റെ കാലാവധി |
|---|---|---|---|
| 1 | 37, ഹമാരാ പോളിമേഴ്സ് | Department Of Factories & Boilers, 31.12.2024 | 31.03.2025 |
| 2 | 111, വേളാങ്കണ്ണി സാമിൽ | Pollution Control Board, 31.10.2024<br>Department Of Factories & Boilers, 31.12.2025 | 31.12.2026 |
| 3 | 153,ഉഡ് വിൻ പാക്കേജിംഗ് | Pollution Control Board, 31.12.2024 | 31.12.2026 |

ഇത സംബന്ധിച്ച് 16.01.2023ന് 13-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധിക്കനുസരിച്ച് ലൈസൻസ് അനുവദിക്കാൻ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

### 1-11-4 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 5 | ലക്ഷ്മി ഫുഡ് പ്രോഡക്ട്സ് |
| 2 | 58 | ഐശ്വര്യ ഹോട്ടൽ |
| 3 | 68 | ബിസ്മില്ലാ ബേക്കറി |
| 4 | 74 | ഹോട്ടൽ ഉമശങ്കർ |
| 5 | 76 | ശ്രീരാമകൃഷ്ണ കഫേ & ഹോട്ടൽ |
| 6 | 82 | മഹി ഫുഡ് പ്രോഡക്ട്സ് |
| 7 | 102 | ഹോട്ടൽ രാമചന്ദ്ര |
| 8 | 154 | ഹോട്ടൽ സുമ |

ഇതു സംബന്ധിച്ച് 16.01.2023ന് 17-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് അനുവദിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-11-5 ഇറച്ചിക്കടകൾക്ക് ലൈസൻസ്- സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിൽ, യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 16.01.2023ന് 13-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-11-6 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കേണ്ടതാണ്

ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. (വെൽകെയർ കമ്പ്യൂട്ടറൈസ്ഡ് ലബോറട്ടറി, പല്ലശ്ശന) 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലാബുകൾ മേൽ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ഇതു സംബന്ധിച്ച് 16.01.2023ന് 13-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-11-7 ലൈവ്സ്റ്റോക്ക് ഫാമുകൾ- അപാകതകൾ

തൻവർഷം താഴെ പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

1. ശേഖരൻ, പൗൾട്രി ഫാം.

2.ലക്ഷ്മി നായർ, മിക്സ്ഡ് ഫാം

3.ജയപ്രകാശ്, പന്നി ഫാം

ഇവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് 16.01.2023ന് 13-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കൃഷ്ണൻകുട്ടി, ക്വാറി | 1 | 5 |
| 2 | ശ്രീ വിനായക അഗ്രോമിൽ | 11 | 10 |
| 3 | മുച്ചേത്ത് ഗ്രാനൈറ്റ്സ് | 12 | 5 |
| 4 | മുച്ചേത്ത് സിമന്റെ കോൺക്രീറ്റ്സ് | 13 | 7 |
| 5 | ഹമാരാ പോളിമേഴ്സ് | 37 | 8 |
| 6 | അമ്മ ഏജൻസീസ് | 75 | 4 |
| 7 | മാവേലി സ്റ്റോർ | 78 | 2 |
| 8 | സെന്റ് ആന്റണീസ് റൈസ്മിൽ | 94 | 8 |
| 9 | റാബിറ്റ് മാർക്ക് മോഡേൺ റൈസ്മിൽ | 96 | 10 |
| 10 | പല്ലാവൂർ ഹൈടെക് അപ്രോസ് | 97 | 19 |
| 11 | വേളാങ്കണ്ണി മാതാ സാമിൽ | 111 | 4 |
| 12 | കെ.ആർ.കെ മാർക്കറ്റിംഗ് | 169 | 9 |
| 13 | ഗുഡ് വിൻ | 153 | 5 |

കടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 13/16.01.2023)

1-13 വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പഞ്ചായത്തിന് നികുതിനഷ്ടം

പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 6 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 35 രൂപയുമാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. തെറ്റായ തരം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടാവുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനം | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ വിവരം | | നികുതി നിർണ്ണയിച്ചത് |
|---|---|---|---|---|---|---|
| | | | | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | നിർണ്ണയിച്ച നിരക്ക്- 6/m2 |

| | | | | | | |
|---|---|---|---|---|---|---|
| 1 | 9/411 | ചായക്കട | രാധാകൃഷ്ണൻ.പി | പാർപ്പിടം | 40 ച.മീ | നിർണ്ണയിക്കേണ്ട നിരക്ക്- 35/m2 |

ഇവ പരിശോധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് 16.01.2023ന് 15-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല.

## 1-14 അനധികൃത കെട്ടിട നിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി അനധികൃത കെട്ടിട നിർമ്മാണരജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ

അനധികൃതനിർമ്മാണ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 47 കെട്ടിടങ്ങളാണ് ഉള്ളത്. ഇവയ്ക്കെതിരെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും ബിൽഡിംഗ് പെർമിറ്റ്, റെഗുലറൈസേഷൻ എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇവയിൽ നടപടികൾ സ്വീകരിച്ചവ, നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്നീ വിവരങ്ങൾ സർക്കാരിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/16.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-15 ജൈവപച്ചക്കറിക്ക് പ്രോത്സാഹനം- ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പേര് | 99/22, ജൈവപച്ചക്കറിക്ക് പ്രോത്സാഹനം (SO) |
| അടങ്കൽ | 2,25,000 (പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 2,25,000 (ബിൽ നം. 1/21-22 Dated 07.07.21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജൈവപച്ചക്കറിക്ക് പ്രോത്സാഹനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 25/ 16.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 2,25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - നേരിട്ടുള്ള വാങ്ങലിൽ അപാകതകൾ

2021-22 വർഷം അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം./പേര് | 8/22-പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനോപകരണം |
| അടങ്കൽ | 3,35,000/-<br>വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 3,09,979/- |
| ബിൽ നം | 14/21-22 തീയതി 31.12.2021 |

മേൽ പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. GO(Rt)NO:13/2019/SPD Dtd. 02-04-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് നൽകി സാധനങ്ങൾ നേരിട്ട് വിതരണം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യാവുന്നതല്ല. പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ സ്ഥാപനം വിതരണം ചെയ്യുകയാണെങ്കിൽ പ്രസ്തുത സാധനങ്ങൾ സ്ഥാപനം നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സ്ഥാപനം നിർമ്മിക്കാത്ത സാധനങ്ങൾ ടെൻഡർ മുഖേന വാങ്ങേണ്ടതാണ്. സ.ഉ(സാധാ)നം.3299/2016/ത.സ്വ.ഭ.വ തിയതി 02/12/2016 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പും ഇതേ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

2. ആർട്ട്കോ G.O(Rt)No:4/2018/SPD Dtd, 02/02/2018 സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച പ്രൈസ് ലിസ്റ്റിൽ സ്ഥാപനം വാങ്ങിയ മേശ, കസേര എന്നിവ ഉൾപ്പെട്ടിട്ടില്ല.

3. സർക്കാർ ഉത്തരവ് (പി) 1/2017/ എസ് പി ഡി തീയതി 13.3.2017 പ്രകാരം പൊതു മേഖല സ്ഥാപനങ്ങൾ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ അധികരിക്കുന്നില്ലെന്ന സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. പ്രൊജക്ട് ഫയലിൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ARTCO യിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

4. സ.ഉ.(സാധാ) നം. 08/2020 എസ്.പി.ഡി തീ.10.02.2020 ഉത്തരവിലെ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ മാത്രമേ ARTCO യിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ARTCO നിർമ്മിക്കാത്തതും, സ്വകാര്യ കമ്പനികൾ നിർമ്മിച്ചതുമായ മേൽപറഞ്ഞ ഉൽപന്നങ്ങൾ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാങ്ങിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

5)സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഇവ പരിശോധിക്കപ്പെട്ടിട്ടില്ല.

പ്രൊജക്ടുകളുടെ നിർവഹണത്തിൽ പാലിക്കേണ്ട സർക്കാർ ഉത്തരവുകൾക്കും, പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കും വിരുദ്ധമായാണ് ആർട്ട്കോയിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് 16.01.2023ന് 22-ാം നമ്പറായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. ഭാവിയിൽ മേൽപ്പറഞ്ഞവ ശ്രദ്ധിക്കേണ്ടതാണ്.

1-17 അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0015/22 (അങ്കണവാടി പോഷകാഹാരം (ജനറൽ)<br>S00168/22 (അങ്കണവാടി പോഷകാഹാരം (എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 4914468/-(1800000-വികസനഫണ്ട്(ജനറൽ),414468-ധനകാര്യക്കമ്മീഷൻ, 2200000-കേന്ദ്രാവിഷ്കൃഫണ്ട്, 500000- |

| | |
|---|---|
| | ബ്ലോക്ക് വിഹിതം)<br>1100000/-(636551-വികസനഫണ്ട്(SCP), 463449-ബ്ലോക്ക് വിഹിതം) |
| ചെലവ് | 3451441/-(1772080-വികസനഫണ്ട്(ജനറൽ),414468-ധനകാര്യക്കമ്മീഷൻ, 764893-കേന്ദ്രാവിഷ്കൃഫണ്ട്, 500000-ബ്ലോക്ക് വിഹിതം)<br>636551/- (636551-വികസനഫണ്ട്(SCP) |
| ബിൽ നമ്പർ/തീയതി | 1) 1/21-22, 12.07.21 തുക. 1435040/-<br>2) 5/21-22, 25.09.21 തുക. 604722/-<br>3) 8/21-22, 19.01.22 തുക. 500000/- |

സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ തിയതി.25.05.2018 പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

2021-2022 വർഷത്തിൽ 1361045/- രൂപയ്ക്ക് അമൃതം ന്യൂട്രീമിക്സ് അനുഗ്രഹ & ലക്ഷമി (കുടുംബശ്രീ യൂണിറ്റ്) നിന്നും വാങ്ങിയിട്ടുണ്ട്. ഇതിനു പുറമെ ആയതിനുള്ള ജി.എസ്.ടി 5% വും ബിൽ പ്രകാരം ഈടാക്കിയിട്ടുണ്ട്.
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/11.01.2023) ലഭിച്ച മറുപടി, തുടർന്നുള്ള വർഷങ്ങളിൽ ടി.ഡി.എസ് ഈടാക്കുന്നുണ്ട് എന്നാണ്.

ഓഡിറ്റ് നിർദ്ദേശം

വാങ്ങലുകൾ നടത്തുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാണെങ്കിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്തതിനു ശേഷം മാത്രം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-18 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0017/22 (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ | 850000/- (വികസന ഫണ്ട്-350000/-, ബ്ലോക്ക് വിഹിതം-200000/-, ജില്ലാ പഞ്ചായത്ത് വിഹിതം- 300000/-) |
| ചെലവ് | 365000/- (വികസന ഫണ്ട്-270000/-, ബ്ലോക്ക് വിഹിതം-95000/- |
| ബിൽ നമ്പർ/തീയതി | 1) 3/21-22, 20.09.21 തുക. 270000/-<br>2) 7/21-22, 10.11.21 തുക. 95000/- |

ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ / ബത്ത നൽകി പഠനസാധ്യതകൾ ഉണ്ടാക്കുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. 32 ഭിന്നശേഷി വിദ്യാർത്ഥികൾക്കാണ് ഈ പ്രോജക്ടിൽ നിന്നും സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500/- രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ മേൽപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകിയിട്ടില്ല. ഉദാഹരണം താഴെചേർക്കുന്നു.

| പേര്, മേൽവിലാസം | നൽകിയ തുക | അർഹമായ തുക |
|---|---|---|
| ഫിഫ ഫാത്തിമ, D/o.മുഹമ്മദ് റഫീക്ക്, അണ്ണക്കോട്, പല്ലശ്ശന | 16000 | 28500 |
| അശ്വതി,D/o.ത്യാഗരാജൻ, തെക്കേത്തറ, പല്ലാവൂർ, പല്ലശ്ശന | 16000 | 28500 |
| മുഹമ്മദ് അജ്മൽ, S/o.അബ്ദുൾ ഹക്കീം, പാറക്കളം, പല്ലശ്ശന | 16000 | 28500 |
| വിനീഷ്.കെ, S/o.കുമാരൻ, കണ്ണനൂർപാടം, പല്ലശ്ശന | 16000 | 28500 |
| അശ്വിൻ, S/o.രമേഷ്, തെക്കേത്തറ, പല്ലശ്ശന | 16000 | 28500 |

കൂടാതെ സ.ഉ (സാധാ) നം. 181/2020/ത.സ്വ.ഭ.വ23.01.20 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധനസഹായങ്ങളുടെ ഗുണഭോക്താക്കളിൽ, മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ എന്നതിൽ സെറിബ്രൽ പാൾസി വിഭാഗത്തിലുൾപ്പെടുന്നവരെ കൂടെ പ്രത്യേകമായി ചേർത്ത് ഉത്തരവായിട്ടുള്ളതാണ്.

485000/- രൂപ ടി പ്രോജക്ടിൽ അവശേഷിച്ചിട്ടും അർഹരായവർക്ക് മുഴുവൻ തുകയും നൽകിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/11.01.2023) മറുപടി ലഭിച്ചിട്ടില്ല. അർഹരായവർക്ക് മുഴുവൻ തുകയും നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കൈത്തിരി സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 90/22 (കൈത്തിരി സമഗ്ര വിദ്യാഭ്യാസ പദ്ധതി-സ്പിൽഓവർ ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| അടങ്കൽ | 115000/- ( വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 115000/- ( വികസന ഫണ്ട്-ജനറൽ) |
| ബിൽ നം | 1/31.05.21, തുക.115000/- |

കൈത്തിരി സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പാവനിർമ്മാണ പരിശീലനം, യോഗ പരിശീലനം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തൽ, സ്കൂളുകൾക്ക് പഠനസാമഗ്രികൾ വാങ്ങൽ

എന്നിവ ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി ചെയ്തിട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പാവനിർമ്മാണ പരിശീലനം വിദ്യാർത്ഥികൾക്കു നൽകുന്നതിനു പകരം അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമാണ് നൽകിയിട്ടുള്ളത്. പാവനിർമ്മാണ പരിശീലനത്തിനായി 20000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പാവനിർമ്മാണ പരിശീലനം നടത്തിയിട്ടുള്ളത് 2021 മാർച്ച് 2,3 തിയതികളിലാണ്. പരിശീലനത്തിൽ 40 ആളുകൾ പങ്കെടുത്തിട്ടുണ്ട്.

2) പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകൾക്ക് 2021-22 വർഷത്തേയ്ക്കുള്ള ബാലമാസികകൾ ലഭിക്കുന്നതിനായി ഒരു വർഷത്തേയ്ക്കുള്ള തുക മുൻകൂറായി 2021 എപ്രിൽ മാസം നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും ഓൺലൈൻ ക്ലാസ്സുകൾക്ക് സർക്കാർ മുൻഗണന നൽകുന്ന സമയത്തുമാണ് പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് തുക മുൻകൂറായി നൽകിയിട്ടുള്ളത്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രസിദ്ധീകരണത്തിന്റെ പേര് | വാർഷിക വരിസംഖ്യ |
|---|---|
| മിന്നാമിന്നി (മാതൃഭൂമി) | 13,425/- |
| കളിക്കുടുക്ക | 13230/- |
| യൂറീക്ക | 15300/- |
| തത്തമ്മ, തളിര് | 8045/- |
| ആകെ | 50000/- |

ബാലമാസികകളുടെ വരിസംഖ്യ ബന്ധപ്പെട്ട ഏജന്റുമാരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനു പകരം ആയതിന്റെ ആകെ തുകയായ 50000/- രൂപ ഹെഡ്മാസ്റ്ററുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് കൈമാറിയിട്ടുള്ളത്. ബന്ധപ്പെട്ട ഏജന്റുമാർ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലമാസികകൾ കൈപ്പറ്റിയതായി ഗ്രാമപഞ്ചായത്തിനു പരിധിയിലെ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ സമർപ്പിച്ചിട്ടുള്ള കൈപ്പറ്റ് രശീതികളിൽ 2020-21-വർഷത്തിലെ ബാലമാസിക ലഭിച്ചു എന്നാണ് എഴുതിയിട്ടുള്ളത്. ഹെഡ്മാസ്റ്റർമാർ സമർപ്പിച്ചിട്ടുള്ള കൈപ്പറ്റ് രശീതികളിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.

3) പലശ്ശന ഗ്രാമപഞ്ചായത്ത് പരിധിയിലെ 7 സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു 2021 ജനുവരി മുതൽ മാർച്ച് വരെ യോഗപരിശീലനം/ കരാട്ടെ പരിശീലനം നൽകിയ ഇനത്തിൽ 30000/- രൂപ (15000+15000) പരിശീലകന് നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് ആളുകൾ കൂടിചേരുന്നതിൽ സർക്കാർ നിയന്ത്രണം ഉള്ള സമയത്താണ് പരിശീലനം നടത്തിയിട്ടുള്ളത്. മാത്രവുമല്ല എന്നാണ് യോഗപരിശീലനം നടന്നത്, എവിടെ വച്ചാണ് നടന്നത്, പങ്കെടുത്ത കുട്ടികളുടെ അറ്റൻഡൻസ് , യോഗപരിശീലനം നടന്നതിന്റെ മറ്റു അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/16.01.2023)മറുപടി നൽകിയിട്ടില്ല.
ചെലവ് രേഖകളുടെ അഭാവത്തിലും വ്യക്തമായ മറുപടി നൽകാത്തതിനാലും ചെലവ് തുകയായ 115000/- രൂപ തടസ്സപ്പെടുത്തുന്നു.

1-20 ആർദ്രം പദ്ധതി- ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് നിയമനം- സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0023/22 (ആർദ്രകേരളം ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകൽ-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

| | |
|---|---|
| അടങ്കൽ | 725000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 716260/- |
| ബിൽ നമ്പർ/തീയതി | 1) 9/21-22, 11.06.21 തുക. 97740/-<br>2) 11/21-22, 25.06.21 തുക. 104720/-<br>3) 18/21-22, 26.07.21, തുക.63560/-<br>4) 20/21-22, 18.08.21, തുക.52650/-<br>5) 22/21-22, 09.09.21, തുക.51800/-<br>6) 24/21-22, 20.10.21, തുക. 50700/-<br>7) 26/21-22, 10.11.21, തുക.52650/-<br>8) 30/21-22, 29.12.21, തുക.50700/-<br>9) 32/21-22, 19.01.22, തുക.48400/-<br>10)39/21-22, 11.03.22, തുക.61908/-<br>11)44/21-22, 29.03.22, തുക.77120/- |

ആർദ്രകേരളം പദ്ധതി മുഖേന ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകുന്നതാണ് പദ്ധതി.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ഖണ്ഡിക 7.7 പ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.01.2019-ലെ നം.442/ഡിബി.2/18/തസ്വഭവ ഉത്തരവ് പ്രകാരവും, പ്രത്യേക സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് തനത്/വികസന ഫണ്ടിൽ നിന്നും വേതനം നൽകാവുന്നതാണ്.

എന്നാൽ പല്ലശ്ശന എഫ്.എച്ച്.സി യിൽ ആർദ്രകേരളം പദ്ധതി മുഖേന നിയമിക്കപ്പെട്ടിട്ടുള്ള ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് മുഖേന നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/16.01.2023) മറുപടി നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് വേതനം നൽകേണ്ടതാണ്.

## 1-21 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ. വി.ഇ.ഒ

1) താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ലൈഫ് പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ലൈഫ് ഐ.ഡി | ഗുണഭോക്താവിന്റെ പേരും വിലാസവും | അനുവദിച്ച തുക/ തിയതി | |
|---|---|---|---|
| 717239 | പാറുക്കുട്ടി, W/o.പഴണിമല, മലക്കൽ വീട്,തല്ലമന്ദം, പല്ലശ്ശന | 29.09.18 | 40000/- |
| 852681 | രുഗ്മിണി, W/o.നാരായണൻ, നെല്ലിക്കാംപൊറ്റ, പല്ലശ്ശന | 26.06.18<br>24.01.19<br>22.11.19<br>ആകെ | 40000/-<br>160000/-<br>60000/-<br>260000/- |

ഭവന നിർമ്മാണം നാളിതുവരെയായിട്ടും പൂർത്തിയാക്കാത്തതിനാൽ, ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനോ, അല്ലാത്തപക്ഷം തുക തിരിച്ചടപ്പിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് പരിചരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0019/22 (പാലിയേറ്റീവ് പരിചരണം) |

| | |
|---|---|
| | S0100/22 (പാലിയേറ്റീവ് പരിചരണം-സ്പിൽഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| അടങ്കൽ | 1) 730000/- (380000-വികസനഫണ്ട്, 350000-ബ്ലോക്ക് വിഹിതം)<br>2) 340710/- (210-വികസനഫണ്ട്, 340500-ബ്ലോക്ക് വിഹിതം) |
| ചെലവ് | 1) 403613/- (218617-വികസനഫണ്ട്, 184996-ബ്ലോക്ക് വിഹിതം)<br>2) 260694/-(260694-ബ്ലോക്ക് വിഹിതം) |
| ബിൽ നമ്പർ/തീയതി | 1) 10/11.06.21 തുക. 36174/-<br>2) 12/18.07.21 തുക. 33492/-<br>3) 13/26.07.21, തുക.32686/-<br>4) 14/26.07.21, തുക.40552/-<br>5) 16/26.07.21, തുക.36655/-<br>6) 17/26.07.21, തുക. 150773/-<br>7) 18/26.07.21, തുക.63560/-<br>8) 19/18.08.21, തുക.36683/-<br>9) 21/18.08.21, തുക.41114/-<br>10)23/29.09.21, തുക.37017/-<br>11)25/20.10.21, തുക.32399/-<br>12)27/25.11.21, തുക.35260/-<br>13)28/30.11.21, തുക.45632/-<br>14)29/20.12.21, തുക.37774/-<br>15)33/19.01.22, തുക.34906/-<br>16)41/11.03.22, തുക.33192/- |

പാലിയേറ്റീവ് പരിചരണത്തിനായി 2021-22 വർഷം രണ്ട് പദ്ധതികൾ (1-new, 1-SO) നടപ്പിലാക്കിയിട്ടുണ്ട്.പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം.553/2019/തസ്വഭവ, തിയതി.07.03.2019 പുറപ്പെടുവിച്ചിട്ടുള്ളതാണ്. പാലിയേറ്റീവ് പരിചരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കുകയോ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.4.1-ൽ ആഴ്ച്ചയിൽ നാല് ദിവസമെങ്കിലും 9.30 മുതൽ 4.30 വരെ ഏകദേശം 8 രോഗികളെ കാണാവുന്ന വിധത്തിൽ ഹോംകെയർ ക്രമീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ദിവസം പരമാവധി 5 രോഗികളെ മാത്രമേ ഹോംകെയർ ടീം സന്ദർശിക്കുന്നുള്ളൂ.

2) പ്രോജക്ട് നം.100/22 -ൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി 32686/- രൂപ കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് 26.07.21 തിയതി നൽകിയിട്ടുണ്ട്. എന്നാൽ 28096/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചതായി ഫയലിൽ കാണുന്നുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയതി | ലഭിച്ച മരുന്നുകൾ (തുക) |
|---|---|
| 5645/27.08.21 | 1559/- |
| 4809/05.08.21 | 336/- |
| 5501/24.08.21 | 5399/- |
| 5987/12.09.21 | 8251/- |

| | |
|---|---|
| 7584/19.10.21 | 2115/- |
| 14981/10.03.22 | 317/- |
| 13697/22.02.22 | 2099/- |
| 5721/30.08.21 | 7735/- |
| 14140/18.10.22 | 285/- |
| ആകെ | 28096/- |

3) എഫ്.എച്ച്.സി യിലെ വാഹനം ഓടിക്കുന്നതിന് സ്ഥിരജീവനക്കാരൻ ഇല്ലാത്തതിനാൽ , എച്ച്.എം.സി മുഖേന ഒരു ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ടിയാളെ തന്നെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള യാത്രകൾക്കും നിയോഗിച്ച് വരുന്നുണ്ട്.

ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ 2021ആഗസ്റ്റ് മാസത്തിൽ 14 ദിവസം മാത്രമാണ് ഹോംകെയർ പ്രവർത്തനങ്ങൾക്കായി വാഹനം ഓടിയിട്ടുള്ളത്. വേതനം ലഭിക്കുന്നതിനായി ഡ്രൈവർ സമർപ്പിച്ചിട്ടുള്ള രേഖയിലും 14 ദിവസം ഓടിയതായാണ് എഴുതിയിട്ടുള്ളത്. എന്നാൽ 16 ദിവസത്തെ വേതനം (16X730=11680) ബിൽ നം.23/29.09.21 പ്രകാരം നൽകിയിട്ടുള്ളത്. രണ്ട് ദിവസത്തെ വേതനം (2X730=1460) അധികമായി നൽകിയിട്ടുണ്ട്.

4) പ്രോജക്ട് നം.19/22 -ൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി 45632/- രൂപ കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് 30.11.21 തിയതി നൽകിയിട്ടുണ്ട്. എന്നാൽ 30025/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചതായി ഫയലിൽ കാണുന്നുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തിയതി | ലഭിച്ച മരുന്നുകൾ (തുക) |
|---|---|
| 13340/17.02.22 | 8364/- |
| 11961/28.01.22 | 1559/- |
| 7787/04.08.22 | 11788/- |
| 9826/31.08.22 | 1185/- |
| 17580/18.11.22 | 1475/- |
| 17577/18.11.22 | 5654/- |
| ആകെ | 30025/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/16.01.2023) മറുപടി നൽകിയിട്ടില്ല.

നിർദ്ദേശങ്ങൾ

1) പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.4.1-പ്രകാരം ആഴ്ചയിൽ നാല് ദിവസമെങ്കിലും 9.30 മുതൽ 4.30 വരെ ഏകദേശം 8 രോഗികളെ കാണാവുന്ന വിധത്തിൽ ഹോംകെയർ ക്രമീകരിക്കേണ്ടതാണ്.

2) ലഭ്യമാകാത്ത മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഡ്രൈവർക്ക് വേതനം നൽകുന്നതിനായി അധികമായി ചെലവഴിച്ച 1460/- രൂപ നിരാകരിക്കുന്നു.

1-23 മാനസിക ആരോഗ്യ പരിരക്ഷ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം | 25/22 (മാനസിക ആരോഗ്യ പരിരക്ഷ)102/22 (മാനസിക ആരോഗ്യ പരിരക്ഷ)- സ്പിൽഓവർ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| അടങ്കൽ | 1) 500000/- (499000- മെയിന്റനൻസ് ഗ്രാന്റ്, 1000-വികസന ഫണ്ട്)<br>2) 318818/- (68818/- (വികസനഫണ്ട്, 250000-മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവ് | 1) 477602/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)<br>2) 318809/- (68818-വികസനഫണ്ട്, 250000-മെയിന്റനൻസ് ഗ്രാന്റ് ) |

| | |
|---|---|
| ബിൽ നം | 1) 6/20.05.21, തുക.68818/-<br>2) 7/20.05.21, തുക.120000/-<br>3) 8/20.05.21, തുക.129991/-<br>4) 37/19.01.22, തുക.80000/-<br>5) 40/11.03.22, തുക.357602/-<br>6) 42/29.03.22, തുക.40000/- |

1) മാനസിക രോഗിക്കൾക്കായി പല്ലശ്ശന ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ഫാമിലി ഹെൽത്ത് സെന്ററിൽ ആഴ്ചയിൽ ഒരു ദിവസം (മാസം നാലു തവണ) മെന്റൽ ഹെൽത്ത് ആക്ഷൻ ട്രസ്റ്റ്,ചാളപ്പുറം, കോഴിക്കോട് എന്ന സ്ഥാപനം മുഖേന മെന്റൽ ഹെൽത്ത് ക്ലിനിക്ക് നടത്തുകയും, പ്രതിമാസം 10000/- രൂപ ഓണറേറിയം ഇനത്തിൽ ടി സ്ഥാപനത്തിന് നൽകുകയും ചെയ്യുന്നുണ്ട്.
14.02.2018-ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ മാർഗ്ഗരേഖ പ്രകാരം മെന്റൽ ക്ലിനിക്ക് നടത്തുന്നതിനും തുക ചെലവഴിക്കുന്നതിനും അനുമതി ഇല്ലാത്തതാണ്. ആയതിനാൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്.

2) പ്രോജക്ട് നം.25/22 -ൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി 357602/- രൂപ കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിന് 11.03.22 തിയതി നൽകിയിട്ടുണ്ട്. എന്നാൽ 303952/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചതായി ഫയലിൽ കാണുന്നുള്ളൂ.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/16.01.23) മറുപടി ലഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 120000/- (10000X12) രൂപ തടസ്സപ്പെടുത്തുന്നു.
2) ലഭിക്കാൻ ബാക്കിയുള്ള 53650/- (357602-303952) രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-24 തനത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം തനതുഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| | |
|---|---|
| MGNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ മുൻകൂർ | 1390118 |
| സാക്ഷരത പ്രേരകിന് ഓണറേറിയം | 104448 |
| കില ട്രെയിനിംഗ് | 17390 |

മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/11.01.23) -ന് MGNREGS ഓഫീസ് പ്രവർത്തനം, സാക്ഷരതാ പ്രേരകിന് ഓണറേറിയം എന്നീ ഇനങ്ങളിൽ നൽകിയ മുൻകൂറുകൾ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും കില ട്രെയിനിംഗിന് ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-25 ഡെപ്പോസിറ്റ് പ്രവർത്തി - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | 124/22, വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1450000രൂ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 1442821രൂ |
| വൗച്ചർ നം. | 22100725/22.02.22- 537372രൂ (471764+65608) |

| | |
|---|---|
| | 22100795/19.03.22 - 905449രൂ |

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനായി വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് വടവന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ, പുതുനഗരം ഇലക്ട്രിക്കൽ സെക്ഷൻ എന്നിവിടങ്ങളിലേക്ക് താഴെചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ-ഇലക്ട്രിക്കൽ സെക്ഷൻ, വടവന്നൂർ | 1377213 |
| അസിസ്റ്റന്റ് എഞ്ചിനിയർ ഇലക്ട്രിക്കൽ സെക്ഷൻ, പുതുനഗരം | 65608 |

കെ എസ് ഇ ബി യ്ക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തിയായതിന്റെ വിശദാംശം എന്നിവ ഓഡിറ്റ് അന്വേഷണം (3/11.01.23) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-26 തനതുഫണ്ടിലേക്ക് മാറ്റിയ കേന്ദ്രാവിഷ്കൃത ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 162/22, ഹരിതകർമ്മ സേനയ്ക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 800000രൂ<br>(251000 - കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 549000 -കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 413750രൂ<br>(161225-കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്,<br>252525-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| സാങ്ഷൻ ഓർഡർ നം./തീയതി | 379/25.03.22-28000<br>388/30.03.22-133225<br>387/30.03.22-252525 |

പ്രോജക്ട് പ്രകാരം Gem -പോർട്ടൽ മുഖേന ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിനായി വാഗൺ വീൽസ്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും Battery Operated 3 Wheeler Goods Carrier വാങ്ങിയിരിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം. WWZ2021-1178/19.03.22 പ്രകാരം വാഹനത്തിന്റെ വില 360750രൂപയും വാഹനത്തിന്റെ Body Alteration ആയി ഇൻവോയ്സ് നം. WWZ 2021-1219/25.03.22 പ്രകാരം 28000രൂപയുമാണ് ചെലവഴിച്ചിരിക്കുന്നത്. രണ്ടു ഇൻവോയ്സുകളിലുമായി 388750രൂപ വാഗൺവീൽസ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. പ്രൊജക്ടിനായി പിൻവലിച്ച തുകകളുടെ വിശദാംശം താഴെചേർക്കുന്നു.

| സാങ്ഷൻ ഓർഡർ നം. | തുക |
|---|---|
| 379/25.03.2022 | 28000 |
| 388/30.03.22 | 133225 |
| 387/30.03.22 | 252525 |
| ആകെ | 413750 |

ശേഷിക്കുന്ന 25000രൂപ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ഈ തുകയുടെ ചെലവുരേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/12.01.23) വാഹനത്തിന്റെ ഇൻഷ്വറൻസ്, റോഡ് ടാക്സ്, സ്റ്റിക്കർ തുടങ്ങിയവയ്ക്കാണ് തുക മാറ്റിവെച്ചത് എന്നും ഇൻഷ്വറൻസ് തുകയായി 3267രൂ 22-23ൽ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുക അതാത് ആവശ്യങ്ങൾക്കായി ചെലവഴിച്ച് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രോജക്ട് പ്രകാരമുള്ള തുക അതാത് ലക്ഷ്യങ്ങൾക്കായി സമയബന്ധിതമായി ചെലവഴിക്കേണ്ടതാണ്. തുടർനടപടിയുടെ വിവരം രേഖകൾ സഹിതം

ലഭ്യമാക്കേണ്ടതാണ്.

1-27 സാമൂഹ്യക്ഷേമ പെൻഷൻ അനുവദിക്കുന്നതിൽ അപാകതകൾ നിലനിൽക്കുന്നു

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്തതോ അനർഹമായി കൈപ്പറ്റുന്നതോ ആയ തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കുണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി 2021 വർഷത്തെ ഏതാനും മരണ രജിസ്ട്രേഷനുകൾ സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

താഴെചേർക്കുന്ന പെൻഷനർമാർ മരണപ്പെടുകയും ഈ സ്ഥാപനത്തിൽ തന്നെ പ്രസ്തുത മരണം രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു.

1)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | ദേവയാനി വി, തെമ്പള്ളം, പല്ലശ്ശന |
| ആധാർ നം | 340942815763 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ* |
| പെൻഷനർ ഐ ഡി | 108740600664 |
| സ്റ്റാറ്റസ് | സസ്പെൻഡ് |
| പെൻഷൻ വിതരണ രീതി | ബാങ്ക് അക്കൗണ്ട് |
| മരണപ്പെട്ട തീയതി | 14.04.21 |
| മരണരജിസ്ട്രേഷൻ നം./തീയതി | 55/2021/07.05.21 |

മരണം രജിസ്റ്റർ ചെയ്തതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ കാലയളവ് | തുക |
|---|---|
| മെയ് 2021മുതൽ ഏപ്രിൽ 2022 വരെ | 12X1600=19200 |

2)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | പദ്മിനി, വടക്കേവീട്, മാരിക്കുളമ്പ്, പല്ലശ്ശന |
| ആധാർ നം | 368191663443 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ* |
| പെൻഷനർ ഐ ഡി | 108740600542 |

| | |
|---|---|
| സ്റ്റാറ്റസ് | ആക്ടീവ് |
| പെൻഷൻ വിതരണ രീതി | ബാങ്ക് അക്കൗണ്ട് |
| മരണപ്പെട്ട തീയതി | 08.05.21 |
| മരണരജിസ്ട്രേഷൻ നം./തീയതി | 61/2021/04.06.21 |

മരണം രജിസ്റ്റർ ചെയ്തതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ കാലയളവ് | തുക |
|---|---|
| ജൂൺ 2021മുതൽ നവംബർ 2022 വരെ | 18X1600=28800 |

3)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | ഉണ്ണികൃഷ്ണൻ വി, വടക്കേപുത്തോട്ട്, പല്ലശ്ശന |
| ആധാർ നം | 108740201509 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| പെൻഷനർ ഐ ഡി | 108740201509 |
| സ്റ്റാറ്റസ് | സസ്പെൻഡ് |
| പെൻഷൻ വിതരണ രീതി | ബാങ്ക് അക്കൗണ്ട് |
| മരണപ്പെട്ട തീയതി | 25.12.2020 |
| മരണരജിസ്ട്രേഷൻ നം./തീയതി | 9/2021/12.01.21 |

മരണം രജിസ്റ്റർ ചെയ്തതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ കാലയളവ് | തുക |
|---|---|
| ജനവരി 2021മുതൽ ജൂൺ 2021 വരെ | 3X1500+3X1600=9300 |

4)

| | |
|---|---|
| പെൻഷനറുടെ പേര്, വിലാസം | രാധാകൃഷ്ണൻ പി, നെടുലിക്കളം, ഒഴിവുപാറ |
| ആധാർ നം | 239503293986 |
| പെൻഷൻ ഇനം | *ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ* |
| പെൻഷനർ ഐ ഡി | 108740201089 |
| സ്റ്റാറ്റസ് | സസ്പെൻഡ് |
| പെൻഷൻ വിതരണ രീതി | ബാങ്ക് അക്കൗണ്ട് |
| മരണപ്പെട്ട തീയതി | 03.01.20 |
| മരണരജിസ്ട്രേഷൻ നം./തീയതി | 4/2020/07.01.20 |

മരണം രജിസ്റ്റർ ചെയ്തതിന് ശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ വിശദാംശം :

| വിതരണം നടത്തിയ കാലയളവ് | തുക |
|---|---|
| ഫെബ്രുവരി 2020മുതൽ ഏപ്രിൽ 2020 വരെ | 2X1200+1x1300=<br>3700 |

അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/16.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>നിർദ്ദേശങ്ങൾ</u>

1. മരണപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നൽകിയത് കണ്ടെത്തുന്നതിനായി

മരണ രജിസ്റ്ററിലെ വിവരം പൂർണ്ണമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2. തുടർ അന്വേഷണം നടത്തി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3. മരണപ്പെട്ടവരെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

4. സേവന സോഫ്റ്റ് വെയറിൽ ലഭ്യമാകുന്ന ബിൽ ഡിസ്ക്രിപൻസി റിപ്പോർട്ട് പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-28 പ്രവൃത്തി പൂർത്തികരിക്കാതെ ഫൈനൽ ബിൽ അനുവദിച്ചു

പ്രവൃത്തിയുടെ പേര്- പ്ലാക്കൽ കക്കമട റോഡ് (SO140/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

അടങ്കൽ - 3,00,000/-രൂപ

ബിൽ നം.- 17/21-22 ,29-10-2021

തുക - 2,98,819/-രൂപ

സാങ്കേതികാനുമതി നം. 21370/2020-21, EST No.2020/71262

അളവുപുസ്തകം- 8/21-22

മേൽ പറഞ്ഞ പ്രവൃത്തിക്ക് അധിക-പൂർത്തീകരണ സമയം അനുവദിച്ച് നല്കുകയും 20-04-2021ന് പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം 29-10-2021 ന് ഫൈനൽ ബിൽ അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്ക് അനുസൃതമായി പാർശ്വഭിത്തിയുടെ സൂപ്പർ സ്ട്രക്ച്ചർ (ഡി.ആർ) മുഴുവൻ ഉയരത്തിൽ എത്താതെ അതായത് 2.25 മീറ്റർ നിർമ്മിക്കാതെ 1.4 മീറ്റർ ആവറേജ് ഉയരത്തിലും മിഡിൽബെൽറ്റ് വീതി 0.6 മീറ്റർ എത്തുന്നതിന് മുൻപായി 1 മീറ്ററിലും നിർമ്മാണം നടത്തുകയും ആയതിൻപ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ അനുവദിച്ച് നല്കുകയുണ്ടായി.

എസ്റ്റിമേറ്റ് പ്രകാരം ടോപ്പ് ബെൽറ്റിന് നല്കാവുന്ന അളവ്

33.5*.45*0.10= 1.5075M3

അളവുപുസ്തകംപ്രകാരം മിഡിൽ ബെൽറ്റിൽ പൂർത്തീകരിച്ച അളവ്

33.5*1.0*0.15=5.025M3

റോഡിന്റെ സംരക്ഷണത്തിനായി വിഭാവനം ചെയ്ത സംരക്ഷണഭിത്തി പൂർത്തീകരിക്കാതെ മിഡിൽ ബെൽറ്റ് ലെവൽ വരെ എത്തിച്ച് ഫൈനൽ ബിൽ അനുവദിച്ച് നൽകുകയും തുടർവർഷത്തിൽ പ്രോജക്റ്റ് ആവിഷ്കാതിരുന്നതും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയത്തിൽ 12.01.2023 ന് 6-ാം നമ്പറായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കുളത്തിന് ആഴം കൂടുതലായതിനാൽ കൂടുതൽ ഉയരത്തിൽ സൈഡ് സംരക്ഷണം വേണ്ടതിനാലാണ് മിഡിൽ ബെൽറ്റ് വരെ മാത്രമായി പൂർത്തീകരിച്ചത് എന്ന് വിശദീകരിക്കുന്നുണ്ട്. എന്നാൽ തുടർവർഷത്തിൽ പ്രോജക്റ്റ് ആവിഷ്കാതിരുന്ന സാഹചര്യത്തിൽ ചെലവഴിച്ച തുക 2,98,819/-രൂപ പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ തടസ്സത്തിൽ വയ്ക്കുന്നു.

1-29 എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി ലഭ്യമാകുന്നില്ല

ഗ്രാമ പഞ്ചായത്തിലെ നിവാസികളും പശു വളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ ക്ഷീര കർഷകർക്കും പാലുൽപ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നില്ല. ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാൽ സൊസൈറ്റികളിൽ അളക്കാത്തതുമായ കർഷകർക്ക് ഉൽപ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുന്നവരുടെ ലിസ്റ്റ് എടുക്കുകയും ആയത് ഗ്രാമസഭകളിൽ വച്ച് അംഗീകാരം വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കുന്ന രീതിയാണ് ഇവിടെ അവലംബിച്ച് വരുന്നത്. എന്നാൽ ക്ഷീര വികസന

സൊസൈറ്റികളിൽ പാലളക്കുവാൻ കഴിയാത്ത ഒരു വിഭാഗം ചെറുകിട ക്ഷീരകർഷകർക്ക് സബ്സിഡി ലഭ്യമാകാതെ വരുന്നു. സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ളവർക്ക് വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം പ്രകാരം സബ്സിഡിക്ക് നല്കാമെന്ന് നിഷ്കർഷിക്കുന്നു. സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയ്യതി 14-2-2018 മാർഗ്ഗരേഖ. ഖ.6.2.8, കൂടാതെ സ.ഉ. 549/2019/തസ്വഭവ തീയ്യതി. 7-3-2019 എന്നിവ കാണുക. മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുവാൻ കഴിയാത്തവർക്ക് ഒരു ലിറ്റർ പാലിന് 4/-രൂപാ നിരക്കിൽ പരമാവധി 15000/-രൂപാ വരെ വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്. ടി വിഷയത്തിൽ 13.01.2023 ന് 9-ാം നമ്പറായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

## 1-30 ക്രിമറ്റോറിയം നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് | 95/22, ക്രിമറ്റോറിയം നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1300000രൂ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1300000രൂ |
| ബിൽ നം./തീയതി | 43/10.11.21 |

പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ ക്രമറ്റോറിയം നിർമ്മാണത്തിനായി നെന്മാറ ബ്ലോക്ക് ആവിഷ്കരിച്ച സംയുക്ത പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായി 1300000/-രൂപ കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണം 7/12.01.23 നൽകിയതിന് നെന്മാറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.03.22-ലെ സി.798/2022 നം. കത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ തുക 31.03.22-ന് സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 തെരുവുവിളക്ക് പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട രേഖകളിൽ കെ എസ് ഇ ബി-യിൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസ് പ്രകാരം വടവന്നൂർ, കൊട്ടുവായൂർ, മുടപ്പല്ലൂർ ഇലക്ട്രിക്കൽ സെക്ഷനു കീഴിലുള്ള താഴെ ചേർക്കുന്ന കൺസ്യൂമർ നമ്പറിലുള്ള വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഇലക്ട്രിക്കൽ സെക്ഷൻ | കൺസ്യൂമർ നം | ശരാശരി പ്രതിമാസ ചാർജ് |
|---|---|---|
| വടവന്നൂർ | 1168103009072 | 18200 |
| കൊട്ടുവായൂർ | 1165056021417 | 958 |
| മുടപ്പല്ലൂർ | 1167264010822 | 20000 |

മേൽപ്പറഞ്ഞ കൺസ്യൂമർ നമ്പറുകളിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ ഇനം, എണ്ണം, വൈദ്യുത നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ എന്നിവയും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ, KSEB യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമായില്ല. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (11/13.01.2023) നൽകിയതിന് തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും കെ എസ് ഇ ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കൂടാതെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വൈദ്യുത ചാർജിനുള്ള അധികചെലവ് കുറവ് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-32 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-പ്രവർത്തനം

| | |
|---|---|
| പ്രൊജക്ട് | 208/22, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന് |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 204900രൂ, ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 142900രൂ |
| വൗച്ചർ നം./തീയതി | 22100827/31.03.22 |

ഹരിതകേരള മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം/സോഫ്റ്റ്‌വെയർ മുഖേന തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ/പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കെൽട്രോണിനുള്ള സർവീസ് ചാർജ്, എസ് എം എസ് ചാർജ് എന്നിവയ്ക്കായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 142900 (135700+7200)രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രോജക്ട് പഞ്ചായത്തിൽ നടപ്പിലാക്കിയതിലൂടെയുള്ള നേട്ടങ്ങൾ, ഇതിനായി കെൽട്രോണിന്റെ ഭാഗത്തു നിന്നുമുണ്ടായ സേവനങ്ങൾ എന്നിവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിലൂടെയും രേഖകൾ പരിശോധിച്ചതിലൂടെയും ലഭ്യമായവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിൽ ആദ്യമായി ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകളിൽ പല്ലശ്ശന പഞ്ചായത്തിനെയും ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 204900/-രൂ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും മാലിന്യ സംസ്കരണ മേഖലയിലെ ഓരോ പ്രവർത്തനങ്ങളും ഓൺലൈനായി സംസ്ഥാനതലം മുതൽ വാർഡ് തലം വരെ നിരീക്ഷിക്കുന്നതിനുമാണ് കെൽട്രോണിന്റെ സഹായത്തോടെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയത്. ആയതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.21 ലെ GO(Rt) No.2307/2021/LSGD ഉത്തരവിന്റെ അടിസ്ഥാനത്തിൽ 135700രൂ സർവീസ് ചാർജ് ആയും 7200രൂപ എസ് എം എസ് ചാർജ്ജായും ക്യൂ ആർ കോഡിന്റെ വിലയായ 12000/- (2022-23-ലെ ചെലവ്) രൂപയും ചേർത്ത് ആകെ 154900/-രൂ കെൽട്രോണിന് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും കെൽട്രോണിൽ നിന്നും ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ നടത്തിപ്പിനും പ്രവർത്തനത്തിനുമായി ഒരു പ്രൊജക്ട് അസിസ്റ്റന്റിനെ പഞ്ചായത്തിൽ നിയമിക്കുകയും ചെയ്തു. ഇവരുടെ സഹായത്തോടെ ഹരിതകർമ്മ സേന അംഗങ്ങൾക്ക് പരിശീലനം നൽകുകയും മാലിന്യം ശേഖരിക്കേണ്ടതായ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലുമായി അംഗങ്ങൾ സർവേ നടത്തി 5975 വീടുകളിലും 405 സ്ഥാപനങ്ങളിലുമായി 6380 ക്യൂ ആർ കോഡുകൾ പതിപ്പിക്കുകയും പൂട്ടികിടക്കുന്നതൊഴികെയുള്ള വീടുകളിലും സ്ഥാപനങ്ങളിലുമായി ഫീസ് ഈടാക്കികൊണ്ട് 01.12.22മുതൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തി ഹരിതകർമ്മസേനയുടെ പ്രവർത്തനം നടന്നുവരുന്നു. ക്യൂ ആർ

കോഡ് സ്കാൻ ചെയ്യുമ്പോൾ വീടുകളും സ്ഥാപനങ്ങളും കൈമാറുന്ന മാലിന്യങ്ങളുടെ തരം, അളവ്, കൈമാറുന്ന തീയതി, നൽകിയ യൂസർ ഫീ, മാലിന്യം കൈമാറാത്തവർ, തരം തിരിച്ച് സൂക്ഷിക്കാത്തവർ തുടങ്ങിയ വിവരങ്ങൾ വാർഡ് തലം മുതൽ സംസ്ഥാനതലം വരെ തൽസമയം ലഭ്യമാവുന്നു. ഇതുവഴി ഉപഭോക്താവിന് പ്രത്യേക സേവനങ്ങൾക്കായി അഭ്യർത്ഥിക്കാനും പരാതികൾ ഉന്നയിക്കുന്നതിനും മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലിടുന്നത്, കത്തിക്കുന്നത് തുടങ്ങിയ പരാതികൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ വരുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. തുടർ മോണിറ്ററിംഗ് നടത്തേണ്ടതും സംവിധാനം ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ തുടർന്നും ഉണ്ടാവേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ- വാഹന വാടക അധികം നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0019/22 (പാലിയേറ്റീവ് പരിചരണം)<br>S0100/22 (പാലിയേറ്റീവ് പരിചരണം-സ്പിൽഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| അടങ്കൽ | 1) 730000/- (380000-വികസനഫണ്ട്, 350000-ബ്ലോക്ക് വിഹിതം)<br>2) 340710/- (210-വികസനഫണ്ട്, 340500-ബ്ലോക്ക് വിഹിതം) |
| ചെലവ് | 1) 403613/- (218617-വികസനഫണ്ട്, 184996-ബ്ലോക്ക് വിഹിതം)<br>2) 260694/-(260694-ബ്ലോക്ക് വിഹിതം) |

| | |
|---|---|
| ബിൽ നമ്പർ/തീയതി | 1) 10/11.06.21 തുക. 36174/-<br>2) 12/18.07.21 തുക. 33492/-<br>3) 13/26.07.21, തുക.32686/-<br>4) 14/26.07.21, തുക.40552/-<br>5) 16/26.07.21, തുക.36655/-<br>6) 17/26.07.21, തുക. 150773/-<br>7) 18/26.07.21, തുക.63560/-<br>8) 19/18.08.21, തുക.36683/-<br>9) 21/18.08.21, തുക.41114/-<br>10)23/29.09.21, തുക.37017/-<br>11)25/20.10.21, തുക.32399/-<br>12)27/25.11.21, തുക.35260/-<br>13)28/30.11.21, തുക.45632/-<br>14)29/20.12.21, തുക.37774/-<br>15)33/19.01.22, തുക.34906/-<br>16)41/11.03.22, തുക.33192/- |

എഫ്.എച്ച്.സി യിലെ വാഹനം ഓടിക്കുന്നതിന് സ്ഥിരജീവനക്കാരൻ ഇല്ലാത്തതിനാൽ എച്ച്.എം.സി മുഖേന ഒരു ഡ്രൈവറെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ടിയാളെ തന്നെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള യാത്രകൾക്കും നിയോഗിച്ച് വരുന്നുണ്ട്.

ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ 2021ആഗസ്റ്റ് മാസത്തിൽ 14 ദിവസം മാത്രമാണ് ഹോംകെയർ പ്രവർത്തനങ്ങൾക്കായി വാഹനം ഓടിയിട്ടുള്ളത്. വേതനം ലഭിക്കുന്നതിനായി ഡ്രൈവർ സമർപ്പിച്ചിട്ടുള്ള രേഖയിലും 14 ദിവസം ഓടിയതായാണ് എഴുതിയിട്ടുള്ളത്. എന്നാൽ 16 ദിവസത്തെ വേതനം (16X730=11680) ബിൽ നം.23/29.09.21 പ്രകാരം നൽകിയിട്ടുണ്ട്. രണ്ട് ദിവസത്തെ വേതനം (2X730=1460) അധികമായി നൽകിയിട്ടുണ്ട്.

പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1460/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 09.01.2023 മുതൽ 16.01.2023വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 500000 | അങ്കണവാടി-പോഷകാഹാരം (15/22) | 500000 | 0 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 200000 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ (17/22) | 95000 | 105000 |
| പാലക്കാട് ജില്ല | | 300000 | | 0 | 300000 |

| | | | | | |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 350000 | പെയിൻ&പാലിയേറ്റീവ് കെയർ (19/22) | 184996 | 165004 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 2000000 | കൃഷി-കൂലിച്ചെലവ് (26/22) | 1300000 | 700000 |
| പാലക്കാട് ജില്ല | | 2760000 | | 1240000 | 1520000 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 105000 | കൃഷി-കൂലിച്ചെലവ് (27/22) | 105000 | 0 |
| പാലക്കാട് ജില്ല | | 150000 | | 150000 | 0 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 3000000 | ലൈഫ്-ഭവനം (ജനറൽ) (46/22) | 120000 | 2880000 |
| | | 3000000 | | 160000 | 2840000 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 1500000 | ലൈഫ്-ഭവനം എസ്സ്.സി (അഡീഷണൽ)(48/22) | 1220000 | 280000 |
| പാലക്കാട് ജില്ല | | 1150000 | | 1000000 | 150000 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 2000000 | ലൈഫ്-ഭവനം എസ്സ്.സി (49/22) | 0 | 2000000 |
| പാലക്കാട് ജില്ല | | 2000000 | | 0 | 2000000 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 3000000 | ലൈഫ്-ഭവനം (ജനറൽ) (53/22) | | 3000000 |
| പാലക്കാട് ജില്ല | | 2000000 | | 0 | 2000000 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 2000000 | ലൈഫ്-ഭവനം എസ്സ്.സി(അഡീഷണൽ) (55/22) | 0 | 2000000 |
| പാലക്കാട് ജില്ല | | 1000000 | | 580000 | 420000 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 2000000 | ലൈഫ്-ഭവനം എസ്സ്.സി (88/22) | | 2000000 |
| പാലക്കാട് ജില്ല | | 1000000 | | 500000 | 500000 |
| പാലക്കാട് ജില്ല | | 22016 | പാലിന് സബ്സിഡി(so91) | 22016 | 0 |
| കൊല്ലങ്കോട് ബ്ളോക്ക് | | 105000 | കൃഷി-കൂലിച്ചെലവ് (SO098/22) | 0 | 105000 |
| പാലക്കാട് ജില്ല | | 150000 | | 0 | 150000 |
| കൊല്ലങ്കോട് പാലക്കാട് ജില്ല | | 340500 | പെയിൻ&പാലിയേറ്റീവ് കെയർ SO100/22 | 260694 | 79806 |
| കൊല്ലങ്കോട് ബ്ളോക്ക് | | 3000000 | ലൈഫ്-ഭവനം എസ്സ്.സിSO106/22 | 0 | 3000000 |
| പാലക്കാട് ജില്ല | | 3000000 | | 480000 | 2520000 |
| കൊല്ലങ്കോട് ബ്ളോക്ക് | | 1400000 | ലൈഫ്-ഭവനം (ജനറൽ) -So107/22 | 60000 | 1340000 |
| പാലക്കാട് ജില്ല | | 3560000 | | 200000 | 3360000 |
| കൊല്ലങ്കോട് ബ്ളോക്ക് | | 3000000 | ലൈഫ്-ഭവനം എസ്സ്.സി(so111/22) | 0 | 3000000 |
| പാലക്കാട് ജില്ല | | 3000000 | | | 3000000 |
| കൊല്ലങ്കോട് ബ്ളോക്ക് | | 2880000 | ലൈഫ്-ഭവനം (ജനറൽ) (so112/22) | 0 | 2880000 |
| പാലക്കാട് ജില്ല | | 3140000 | | 260000 | 2880000 |
| കൊല്ലങ്കോട്ബ്ളോക്ക് | | 1380000 | ലൈഫ്-ഭവനം എസ്സ്.സി (അഡീഷണൽ) (so113/22) | 1360000 | 20000 |
| പാലക്കാട് ജില്ല | | 1000000 | | 1000000 | 0 |
| കൊല്ലങ്കോട് ബ്ളോക്ക് | 21-22 | 463449 | അംഗനവാടി-പോഷകാഹാരം സബല(168/22) | 0 | 463449 |

| | | | | | |
|---|---|---|---|---|---|
| പാലക്കാട് ജില്ല | 21-22 | 100000 | പാലിന് സബ്സിഡി(20/22) | 100000 | 0 |
| കൊല്ലങ്കോട്ബ്ളോക്ക് | 21-22 | 100000 | പാലിന് സബ്സിഡി(22/22) | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (124/22) | 22100725/22.02.22 | 537372 | - 0 - | 1442821 |
| | | 22100795/19.03.22 | 905449 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ -ഭവനനിർമ്മാണം | സ.ഉ (സാധാ) നം. 68/2018 /തസ്വഭവ /18.05.2018 | 20108871 | 0 | 20108871 | 2317333 | 0 | 17791538 |
| | | 20108871 | 0 | 20108871 | 2317333 | 0 | 17791538 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഒന്നുമില്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഒന്നുമില്ല |
| ആകെ | ഒന്നുമില്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഒന്നുമില്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഒന്നുമില്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 1601/-രൂപ ലഭ്യമായിട്ടുണ്ട്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളൊന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ് സർച്ചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 103616549 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 76849586 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഒന്നുമില്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1,460/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 6,38,819/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 1,460/- | ഡോ.നോബിൾ ജെ.തൈക്കാട്ടിൽ, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,25,000/- | ശ്രീമതി. റീജ. എം. എസ് ,കൃഷി ഓഫീസർ |
| 1-19 | 1,15,000/- | ശ്രീ. എ.ഹാറൂൺ, എച്ച് എം |
| 1-28 | 2,98,819/- | ശ്രീമതി. ജിസ്ന എ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ഡോ.നോബിൾ ജെ.തൈക്കാട്ടിൽ, മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.നോബിൾ ജെ.തൈക്കാട്ടിൽ, മെഡിക്കൽ ഓഫീസർ പി എച്ച് സി, പല്ലശ്ശന | സർവ്വീസ് സെൻ്റർ, ഹൈലാൻഡ്, ഒല്ലൂർക്കര പിഒ,തൃശ്ശൂർ ജില്ല. |
| ശ്രീമതി. റീജ. എം. എസ് ,കൃഷി ഓഫീസർ | ശ്രീമതി. റീജ. എം. എസ് ,കൃഷി ഓഫീസർ | നന്ദനം, പീസ് വാലി, കൊല്ലങ്കോട്(പി.ഒ) പാലക്കാട്. |
| ശ്രീ. എ.ഹാറൂൺ, എച്ച് എം | 31-5-2021 ന് വിരമിച്ചു. | നൂർമഹൽ, തല്ലൂർ, കുടല്ലൂർ.പി.ഒ, പല്ലാവൂർ 678688 |
| ശ്രീമതി. ജിസ്ന എ.കെ, അസിസ്റ്റൻ്റ് എഞ്ചിനീയർ | അസിസ്റ്റൻ്റ് എഞ്ചിനീയർ, എലവഞ്ചേരി ഗ്രാമപഞ്ചായത്ത്. | കണിമംഗലം വീട്, നെന്മാറ പി.ഒ പാലക്കാട്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | LF-P6-168/98/10-4-1998 | 8 |
| 1997-98 | LF-9831/സ്പെ.സെൽ/ എസ്.സി3/01/ 19-7-2001 | 12 |
| 1998-99 | LF-P10-1158/01/ 16-11-2011 | 2 |
| 1999-00 | LF-4952/സ്പെ.സെൽ/ /എസ്.സി3/02/ 20-4-2002 | 3 |
| 2000-01 | LF-P10-535/02/3-8-2002 | 8 |
| 2001-02 | LF-2123/സ്പെ.സെൽ/ എസ്.സി4/ 05/15-2-2005 | 11 |
| 2002-03 | LF-2124/സ്പെ.സെൽ/എസ്.സി4 /05/15-2-2005 | 9 |
| 2003-04 | LF-P13-695/04/20-6-2005 | 2 |
| 2004-05 | LF-P12-194/06/30-5-2006 | 29 |
| 2005-06 | LF-P12-21/08/14-7-2008 | 29 |
| 2006-07 | LF-P12-22/08/26-6-2008 | 22 |
| 2007-08 | LF-P18-1205/10/ 12-12-2011 | 12 |
| 2008-09 | LF-P18-1206/10/12-12-2001 | 18 |
| 2009-10 & 2010-11 | LF-P18-1382/13 /17-7-2014 | 18 |
| 2011-12 | LF-P18-388/14/2-5-2014 | 20 |
| 2012-13 | LF-P18-459/15/13-4-15 | 28 |
| 2013-14 & 2014-15 | കെഎസ്എ -പികെഡി.18-1433/2016/9-8-2016 | 8 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.18-252/17/ 10-02-2017 | 20 |
| 2016-17 | നം.കെ.എസ്.എ-പികെഡി-18/1139 /2017/ 26-07 -2017 | 22 |
| 2017-18 | നം. കെ.എസ്.എ. പി.കെ.ഡി.18-224/19/ 02.04.2019 | 13 |
| 2018-19 | നം.കെ.എസ്.എ. പി കെ. ഡി.18-200/2020 തിയതി: 12.05.2020 | 38 |
| 2019-20 | നം. കെ.എസ്.എ. പി.കെ.ഡി.18-1587/22/ 21.07.2022 | 9 |
| 2020-21 | കെ.എസ്.എ- പി.കെ.ഡി.18/1628/2022 തീയ്യതി: 27/07/2022 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷികധനകാര്യപത്രിക സംക്ഷിപ്തം

| Pallassana Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25673361.00 |
| Cash | Cash | RP-40(a) | 17722.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 586320.00 |
| 140000000 | Fees & User Charges | RP-4 | 406738.00 |
| 150000000 | Sale & Hire Charges | RP-5 | 112413.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57198126.00 |
| 171000000 | Interest Earned | RP-9 | 844371.00 |
| 190000000 | Prior Period Income | RP-11 | 11931.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13718454.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4326096.00 |
| 460000000 | Loans, Advances and Deposits | RP-49 | 3000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 6989.00 |
| 340000000 | Deposits Received | RP-33 | 275088.00 |
| 350000000 | Other Liabilities | RP-35 | 435940.00 |
| | Grand total | | 103616549.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 500000.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 11624787.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 21094766.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 7887051.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 1928100.00 |
| 412000000 | Capital Work In Progress | RP-39 | 2585512.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1160599.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1522802.00 |
| 460000000 | Loans, Advances and Deposits | RP-49 | 709244.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 54500.00 |
| 350000000 | Other Liabilities | RP-35 | 27674474.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 107751.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26749720.00 |
| Cash | Cash | RP-40(b) | 17243.00 |
| | Grand Total | | 103616549.00 |

| Pallassana Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2607112.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 281252.00 |
| 140000000 | Fee & User Charges | I-4 | 541938.00 |
| 150000000 | Sale & Hire Charges | I-5 | 112413.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177708810.84 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 844371.00 |
| 180000000 | Other Income | I-9 | 6989.00 |
| 190000000 | Prior Period Income | I-19 | -6484.00 |
| | Total Income | | 182102885.84 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12231028.00 |
| 220000000 | Administrative Expenses | I-11 | 932001.00 |
| 230000000 | Operations & Maintenance | I-12 | 1785375.00 |
| 240000000 | Interest & Finance Charges | I-13 | 1308.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6955239.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 35128646.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8307051.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 47150524.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 64155330.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1104763.84 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 177751265.84 |
| | Gross Surplus / Deficit of income over Expenditure | | -4351620.00 |
| | Gross Surplus / Deficit of income over Expenditure | | -4346104.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -12000.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 5516.00 |

| | | | |
|---|---|---|---|
| | Pallassana Grama Panchayat BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12457354.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 73130584.16 |
| | Total Reserve & Surplus | | 85587938.76 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12760846.00 |
| | Total Grants, Contributions for Specific Purposes | | 12760846.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17791538.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 17791538.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 569580.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1147977.40 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1717557.40 |
| | TOTAL LIABILITIES | | 117857880.16 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 2520972.00 |
| 412000000 | Capital Work in Progress | B-11(b) | 2585512.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 107751.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9078951.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 57425975.00 |
| 416000000 | Accumulated Depreciation | B-11(a) | -203797.00 |
| | Total Fixed Assets | | 71515364.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | 0.0 | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1811859.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 16251538.00 |
| 450000000 | Cash and Bank Balance | B-17 | 26766963.00 |
| 460000000 | Loans, Advances and Deposits | B-18 | 1512156.16 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 46342516.16 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | 0.0 | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 117857880.16 |

DEPUTY DIRECTOR